# VII റൂളിംഗ്

മി. സ്പീക്കർ: ഈ കഴിഞ്ഞ ജൂലായ് 11-ാം തീയതി സഭ ചർച്ച ചെയ്ത് അംഗീകരിച്ച ഒരു അനൗദ്യോഗിക പ്രമേയത്തിന് അവതരണാനുമതി നൽകിയത് ഭരണഘടനാ വ്യവസ്ഥകൾക്കും നിയമസഭാ ചട്ടങ്ങൾക്കും വിരുദ്ധമാണെന്നും അക്കാര്യം ഉന്നയിക്കാൻ അനുവാദം നൽകണമെന്നും സർവ്വശ്രീ കെ. എം. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർ ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് സഭയിലെ ചില അംഗങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ നടത്തിയ വിമർശനങ്ങളും ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രസ്തുത പ്രമേയത്തിന് അവതരണാനുമതി നൽകുന്നതിനെതിരെ സർവ്വശ്രീ. കെ. എം. മാണി, ആര്യാടൻ മുഹമ്മദ്, തേറമ്പിൽ രാമകൃഷ്ണൻ, കെ. സി. ജോസഫ്, വി. ഡി. സതീശൻ എന്നീ അംഗങ്ങൾ രേഖാമൂലം തടസ്സവാദങ്ങൾ ഉന്നയിച്ചിരുന്നു. ഇവയെല്ലാം ചെയർ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു.

അനൗദ്യോഗിക പ്രമേയങ്ങൾ സഭയിൽ എത്തുന്നത് തന്നെ അതുമായി ബന്ധപ്പെട്ട നിയമസഭാ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണെന്ന കാര്യം ആദ്യംതന്നെ പറയട്ടെ.

ഒരു സംസ്ഥാന നിയമസഭയ്ക്ക് പാസ്സാക്കാൻ അധികാരമുള്ള പ്രമേയങ്ങളെ സംബന്ധിച്ച് ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ല. സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരങ്ങൾ മാത്രമാണ് ഭരണഘടന പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്.

കേരള നിയമസഭയുടെ കീഴ്‌വഴക്കങ്ങൾ പരിശോധിച്ചാൽ നിയമസഭയുടെ നിയമനിർമ്മാണ അധികാരത്തിൽപ്പെടാത്ത പല വിഷയങ്ങളെക്കുറിച്ചും സഭ ഔദ്യോഗികവും അനൗദ്യോഗികവുമായ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ളതായി കാണാൻ കഴിയും. ഇവയിൽ പല പ്രമേയങ്ങളും ഇൻഡ്യ മറ്റ് രാജ്യങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകളെ സംബന്ധിച്ചുള്ളവയാണ്. അതിനാൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന പ്രമേയം നിയമസഭയുടെ അധികാര പരിധിക്ക് പുറത്താണെന്നുള്ള ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ചട്ടം 119(ബി) പറയുന്ന രീതിയിലുള്ള പരാമർശങ്ങൾ ഈ പ്രമേയത്തിലുള്ളതായി ചെയർ കാണുന്നില്ല. ചട്ടം 119(ഡി) പ്രസ്തുത പ്രമേയത്തിന്റെ കാര്യത്തിൽ ബാധകമാകാനില്ല. സഭയുടെ കീഴ്‌വഴക്കങ്ങൾ പരിശോധിച്ചാൽ സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിക്ക് പുറത്തുള്ള പല വിഷയങ്ങളെ സംബന്ധിച്ചും മുൻപും ഈ സഭയിൽ പ്രമേയങ്ങൾ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുള്ളതായി കാണാൻ കഴിയും.

ഈ സാഹചര്യത്തിൽ ജൂലായ് 11-ന് ശ്രീ. വി. എൻ. വാസവൻ സഭയിൽ അവതരിപ്പിച്ച പ്രമേയത്തിന് അവതരണാനുമതി നൽകിയതിൽ ഭരണഘടനാ വിരുദ്ധമായോ നിയമസഭാ ചട്ടങ്ങൾക്ക് വിരുദ്ധമായോ ഒന്നുംതന്നെ ഇല്ലെന്ന് വ്യക്തമാക്കാൻ ചെയർ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള വിവാദങ്ങൾ തികച്ചും നിർഭാഗ്യകരമാണെന്നും ചെയർ കരുതുന്നു.

സ്പീക്കറുടെ റൂളിംഗിനെ പ്രത്യക്ഷമായോ പരോക്ഷമായോ സഭയ്ക്ക് അകത്തോ പുറത്തോ ചോദ്യം ചെയ്യുന്നത് കണ്ടംപ്റ്റ് ആണ്. ഇതു സംബന്ധിച്ച റൂളിംഗ് ഈ സഭയിൽതന്നെ ഉണ്ടായിട്ടുണ്ടെന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ. (13-07-1990-ലെ സ്പീക്കറുടെ റൂളിംഗ്)

LIBRARY ARCHIVES Kerala Legislative Assembly